# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 87
28-11-2018-ലെ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

| ചോദ്യം<br>ശ്രീ. കെ. സി. ജോസഫ് | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2018 ഓഗസ്റ്റ് 1 മുതൽ നവംബർ 1 വരെ ആകെ എത്ര തുക സംഭാവനയായി ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ആഗസ്റ്റ് 1 -ാം തീയതി മുതൽ 2018 നവംബർ 1 വരെ 2391 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| ബി) ഇതിൽ വിദേശത്ത് നിന്നോ വിദേശ മലയാളികളിൽ നിന്നോ ലഭിച്ച സംഭാവന എത്ര രൂപയാണ്; | പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സമൂഹത്തിലെ വിവിധ മേഖലയിലുള്ള വ്യക്തികളും, സ്ഥാപനങ്ങളും സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകികൊണ്ടിരിക്കുകയാണ്. ഇപ്രകാരം ലഭ്യമാകുന്ന സംഭാവനകളുടെ വിവരങ്ങൾ പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല. |
| സി) സംസ്ഥാന സർക്കാർ ജീവനക്കാർ, സർക്കാരുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരിൽ നിന്നും 2018 ഓഗസ്റ്റ് 1 മുതൽ നവംബർ 15 വരെ എത്ര രൂപ സംഭാവനയായി ലഭിച്ചുവെന്നും ഈ തുക ഏത് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുതെന്നും വെളിപ്പെടുത്തുമോ; | സർക്കാർ ജീവനക്കാരിൽ നിന്ന് 2018 ആഗസ്റ്റ് 1 മുതൽ നവംബർ 15 വരെ 454.87 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ടി തുക സ്പെഷ്യൽ TSB -4798 ലാണ് വരവ് വച്ചിരിക്കുന്നത്. |
| ഡി) സാലറി ചലഞ്ചിൽ ആകെ എത്ര തുക സംഭാവന നൽകാനാണ് ജീവനക്കാർ സമ്മതപത്രം നൽകിയെന്നത് വ്യക്തമാക്കുമോ? | പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫിന വേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത |

| | |
|---|---|
| | അക്കൗണ്ടിൽ 28.11.2018 വരെ രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ഇതടക്കം നിലവിലെ സാഹചര്യത്തിൽ സാലറി ചലഞ്ച് മുഖേന 1400-1500 കോടി രൂപ ലഭിയ്ക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്. |

സെക്ഷൻ ഓഫീസർ